വിദേശത്തേക്കുള്ള സ്വകാര്യ സന്ദർശനത്തിന് വിദേശനാണ്യ റിലീസിലുള്ള വർദ്ധനവ്.

A.P (Dir. സീരീസ്) സർക്കുലർ നമ്പർ 51 നവംബർ 18, 2002

വിദേശ നാണ്യ വിനിമയത്തിന് അംഗീകാരമുള്ള എല്ലാ വ്യക്തികൾക്കും

മാഡം/സർ,

**വിദേശത്തേക്കുള്ള സ്വകാര്യ സന്ദർശനത്തിന് വിദേശനാണ്യ റിലീസിലുള്ള വർദ്ധനവ്**

2000, മെയ് 3ന് ഭാരത സർക്കാർ ഇറക്കിയ നോട്ടിഫിക്കേഷൻ നമ്പർ G.S.R. 381 (E) ലെ ഷെഡ്യൂൾ III യിലെ ഇനം 2 ന്റെ വ്യവസ്ഥകളനുസരിച്ച് ഒന്നോ അതിലധികമോ രാജ്യങ്ങളിലേക്കുള്ള (നേപ്പാളും ഭൂട്ടാനും ഒഴികെ) സ്വകാര്യ സന്ദർശനത്തിന് ഒരു കലണ്ടർ വർഷം ഇന്ത്യക്കാർക്ക് 5000 യു.എസ്. ഡോളർ അല്ലെങ്കിൽ തതുല്യം മൂല്യമുള്ള വിദേശനാണ്യം റിലീസ് ചെയ്യണമെങ്കിൽ അധികാരപ്പെടുത്തിയ വ്യക്തികൾ റിസർവ് ബാങ്കിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കണം.

2. ഉദാരവൽക്കരണം കുറെകൂടി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള നടപടി എന്ന നിലയിൽ, മുകളിൽ പറഞ്ഞിരിക്കുന്ന പരിധി 10,000 യു.എസ്. ഡോളർ അല്ലെങ്കിൽ അതിന്റെ തതുല്യം എന്നായി ഉയർത്തിയിരിക്കുന്നു. മുകളിൽ പറഞ്ഞ പരിധിയിൽ കഴിയുന്ന വിദേശനാണ്യം റിലീസ് ചെയ്യുന്നതിനുള്ള അപേക്ഷകൾ അധികാരപ്പെടുത്തിയ വ്യക്തികൾ മുഖാന്തിരം റിസർവ് ബാങ്കിന്റെ ബന്ധപ്പെട്ട പ്രാദേശിക ഓഫീസിൽ സമർപ്പിക്കണം.

3. അധികാരപ്പെടുത്തിയ വ്യക്തികൾ ഈ സർക്കുലറിന്റെ ഉള്ളടക്കം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

4. ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ 1999 ലെ (42 of 1999) വിദേശ വിനിമയ മാനേജ്മെന്റ് നിയമത്തിന്റെ സെക്ഷൻ 10 ൽ (4) നും സെക്ഷൻ 11 ൽ (1)നും കീഴിലാണ് നിർദ്ദേശിച്ചിരിക്കുന്നത്.

വിശ്വസ്തതയോടെ

ഗ്രേസ് കോശി
ചീഫ് ജനറൽ മാനേജർ